കുരുമുളകുവള്ളി തൈകൾ വളർത്തുന്ന നഴ്സറികൾ

1938 [3009] ശ്രീ. എ.സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏതെല്ലാം ഗവൺമെൻറ് കൃഷി ഫാമുകളിലാണ് കുരുമുളകുവള്ളി തൈകൾ വളർത്തുന്ന നഴ്സറികൾ ഉള്ളത്;

(ബി) 1985 മുതൽ 1986 സെപ്തമ്പർ 30 വരെയുള്ള കാലയളവിൽ സംസ്ഥാന ഗവൺമെൻറ് നഴ്സറികളിൽനിന്നും എത്ര കുരുമുളകുവള്ളികൾ വിതരണം ചെയ്തിട്ടുണ്ട്;

(സി) തളിപ്പറമ്പ് ഗവൺമെൻറ് കൃഷി ഫാമിൽ ഈ വർഷത്തിൽ കുരുമുളക് നഴ്സറിക്കുവേണ്ടി ഡിപ്പാർട്ട്മെൻറ് ആവശ്യപ്പെട്ട തുക എത്രയായിരുന്നു;

(ഡി) ഈ തുക മുഴുവൻ അനുവദിക്കുകയുണ്ടായോ?

ഉത്തരം

(എ) 1. ജില്ലാ കൃഷിത്തോട്ടം, പെരിങ്ങമ്മല
2. ,, അഞ്ചൽ
3. ,, മാവേലിക്കര
4. ,, കോഴ
5. ,, നേര്യമംഗലം
6. ,, ചുങ്കത്തറ
7. ,, കൂത്താളി
8. ,, തളിപ്പറമ്പ്
9. ,, അരിക്കുഴ
10. ബനാന നഴ്സറി, പെരിങ്ങമ്മല
11. ഹോർട്ടികൾച്ചറൽ ഫാം, മലമ്പുഴ
12. സ്റ്റേറ്റ് വെജിറ്റബിൾ ഫാം, വണ്ടിപ്പെരിയാർ

(ബി) 24.67 ലക്ഷം. (ഇരുപത്തിനാലുലക്ഷത്തി അറുപത്തേഴായിരം).

(സി) 1.50 ലക്ഷം രൂപ. (ഒന്നര ലക്ഷം)

(ഡി) ഇല്ല.

കേര കൃഷി വികസനത്തിനു നഗരൂർ പഞ്ചായത്തിൽ ചെലവഴിച്ച തുക

1939 [3011] ശ്രീമതി ഓർഗ്വി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേര കൃഷി വികസനത്തിനുവേണ്ടി 1986-87-ൽ നഗരൂർ പഞ്ചായത്തിൽ ചെലവാക്കിയ തുക എത്ര;

(ബി) അതിലേക്കു വേണ്ടി നടപ്പു സാമ്പത്തിക വർഷത്തിൽ പ്രസ്തുത പഞ്ചായത്തിൽ നീക്കിവെച്ച തുക എത്ര?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നഗരൂർ പഞ്ചായത്തിൽ ചെലവാക്കിയ തുകയുടെ പ്രത്യേകം കണക്കു ലഭ്യമല്ല. നഗരൂർ പഴയകുന്നിൻമേൽ, പുളിമാത്തു, കിളിമാനൂർ എന്നീ പഞ്ചായത്തുകളിലേക്കായി കിളിമാനൂർ കൃഷി വികസന ഓഫീസ് മുഖേന 57711 രൂപ കേര കൃഷി വികസനത്തിനുവേണ്ടി ചെലവാക്കിയിട്ടുണ്ട്.

(ബി) നഗരൂർ പഞ്ചായത്തുകൂടി ഉൾപ്പെടുന്ന കിളിമാനൂർ കൃഷി വികസന യൂണിറ്റിനുവേണ്ടി 67,711 രൂപ നീക്കിവച്ചിട്ടുണ്ട്.

കേര കൃഷി വികസനത്തിന് കിളിമാനൂർ പഞ്ചായത്തിൽ ചെലവഴിച്ച തുക

1940 [3012] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേര കൃഷി വികസനത്തിനുവേണ്ടി തിരുവനന്തപുരം ജില്ലയിൽ 1986-87-ൽ സർക്കാർ ചെലവാക്കിയ തുക എത്രയാണെന്നു വ്യക്തമാക്കാമോ:

(ബി) കിളിമാനൂർ പഞ്ചായത്തിൽ ചെലവാക്കിയ തുക എത്ര;

(സി) അതിലേക്കുവേണ്ടി ഈ സാമ്പത്തിക വർഷത്തിൽ പ്രസ്തുത പഞ്ചായത്തിലേക്കു നീക്കിവെച്ച തുകയെത്ര?

ഉത്തരം

(എ) കേര കൃഷി വികസനത്തിനുവേണ്ടി തിരുവനന്തപുരം ജില്ലയിൽ 11,38,017 ലക്ഷം രൂപ (പതിനൊന്നു ലക്ഷത്തി മുപ്പത്തെണ്ണായിരത്തി പതിനേഴ്) ചെലവാക്കിയിട്ടുണ്ട്.

(ബി) കിളിമാനൂർ പഞ്ചായത്തിൽ മാത്രമായി ചിലവാക്കിയ തുകയുടെ കണക്കു ലഭ്യമല്ല. എന്നാൽ കിളിമാനൂർ പഞ്ചായത്തും ഉൾപ്പെടുന്ന കിളിമാനൂർ കൃഷി വികസന ഓഫീസിന്റെ അധികാര പരിധിയിൽ വരുന്ന പ്രദേശത്താകെ ഇതേവരെ 57,711 രൂപ ചെലവാക്കിയിട്ടുണ്ട്.

(സി) കിളിമാനൂർ പഞ്ചായത്തുൾപ്പെടുന്ന കിളിമാനൂർ കൃഷി വികസന യൂണിറ്റിനുവേണ്ടി 67,711 രൂപ നീക്കിവെച്ചിട്ടുണ്ട്.

കേര കൃഷി വികസനത്തിന് നാവായിക്കുളം പഞ്ചായത്തിൽ ചെലവഴിച്ച തുക

1941 [3013] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേര കൃഷി വികസനത്തിനുവേണ്ടി 1986-87-ൽ നാവായിക്കുളം പഞ്ചായത്തിൽ ചെലവാക്കിയ തുക എത്ര;

(ബി) അതിലേക്കുവേണ്ടി നടപ്പു സാമ്പത്തിക വർഷത്തിൽ പ്രസ്തുത പഞ്ചായത്തിലേക്കു നീക്കിവച്ച തുകയെത്ര?

LIBRARY ARCHIVES Kerala Legislative Assembly